(സി) കശുവണ്ടി മേഖലയിൽ സ്വകാര്യ വ്യവസായികൾ മിനിമം വേതന നിയമം പൂർണ്ണമായി നടപ്പിലാക്കുന്നില്ല എന്ന പരാതി വ്യവസായ ബന്ധ സമിതി കൂടിയ അവസരത്തിൽ യൂണിയൻ പ്രതിനിധികൾ ഉന്നയിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളിൽ പരിശോധനകൾ നടത്തുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ സർക്കാർ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും എൻഫോഴ്സ്മെൻറ് റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കയർ മേഖലയിൽ പ്രഖ്യാപിച്ച നിശ്ചിത കൂലി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എൻഫോഴ്സ്മെൻറ് ആൻഡ് മോണിറ്ററിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനഫലമായി ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുന്ന നടപടി

*14 [326] ശ്രീ. ഷിബു ബേബിജോൺ:
,, ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ:
,, ആർ. ബാലകൃഷ്ണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ദേശസാൽകൃത റൂട്ടുകളിൽ എവിടെയെങ്കിലും സ്വകാര്യ ബസ്സുകൾക്ക് താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) ദേശസാൽകൃത റൂട്ടുകളിലും ദേശീയ പാതകളിലും ലാഭകരമായിരുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ, ബി) കോട്ടയം—കട്ടപ്പന റൂട്ട് സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം മുൻപ് സർക്കാർ പരിഗണനയിലുണ്ടായിരുന്നു.

(സി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഡി) ദേശസാൽകൃത റൂട്ടുകളിലും ദേശീയ പാതകളിലും ലാഭകരമായിരുന്ന സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

ജൈവ സാങ്കേതിക വിദ്യധിഷ്ഠിത വ്യവസായങ്ങൾ

*15 [327] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജൈവ സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ഇതിനായി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റ് ഇതിനായി അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രത്തിൽനിന്നും ഇതിനായി എന്തെല്ലാം സഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ജൈവ സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ കളമശ്ശേരിയിൽ ജൈവ സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിനായി 35000 sq. ft. വിസ്തീർണ്ണമുള്ള ഒരു ബിൽഡിംഗിൽ ടെക്നോളജി ഇൻക്യുബേഷൻ സെന്ററും റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് ഫെസിലിറ്റീസും പ്ലാൻ ചെയ്തിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ജൈവ സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനായി തിരുവനന്തപുരത്ത് 50 ഏക്കറോളം ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(സി) കേരളത്തിൽ ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ ധനസഹായം കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. ബയോടെക്നോളജി പാർക്കിൽ ടെക്നോളജി ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് വേണ്ടി 11 കോടി രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി 1.5 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. ഇൻക്യുബേഷൻ സെന്ററിലെ ലാബ് ഉപകരണങ്ങൾ, ഫെലറന്റ് പ്ലാന്റ് മുതലായവ സ്ഥാപിക്കുവാൻ വേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്.

കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ

*16 [328] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, രാജു എബ്രഹാം
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly